6. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

7. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

8. ബാദ്ധ്യതാസർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

നെൽവയൽ നീർത്തട സംരക്ഷണ നിയമ ഭേദഗതി

11(* 101) ശ്രീ. ബാബു എം. പാലിശ്ശേരി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏത് രീതിയിലുള്ള ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന് ഇടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(സി) ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് നടത്തിയതെന്നും എന്തൊക്കെയാണ് നിർദ്ദേശങ്ങളെന്നും വ്യക്തമാക്കുമോ;

(ഡി) വ്യവസായ ആവശ്യങ്ങൾക്കും മറ്റുമായി പത്ത് ഏക്കർവരെയുള്ള വയൽ നികത്തുന്നതിന് തീരുമാനിച്ചിരുന്നോ; പിന്നീട് ഈ തീരുമാനം മാറ്റുകയുണ്ടായോ; തീരുമാനം ഏത് തലത്തിലാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ഇ) നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതും, പാരിസ്ഥിതികാഘാതമുണ്ടാക്കുന്നതുമായ നടപടികളിൽ നിന്ന് പിന്തിരിയാൻ തയ്യാറാകുമോയെന്ന വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ&ബി) 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) നിയമത്തിന് അനുബന്ധമായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആക്ടിന്റെ പ്രാരംഭത്തിന് മുമ്പുള്ള ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ പൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റ് ഏതെങ്കിലും ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ, രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, കളക്ടർക്ക്, പ്രസ്തുത ഭൂമിയുടെ 1959-ലെ കേരള മുദ്രപത്ര ആക്ടിന്റെ (1959-ലെ 17) 28 എ വകുപ്പുപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ, പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന തരത്തിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) പൊതു ആവശ്യത്തിന്റെ പരിധിയിൽപ്പെടുത്തി 4.04 ഹെക്ടറോ അതിൽ കൂടുതലോ നെൽവയലുകൾ നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ അനുമതി നൽകുന്നതിന് ആലോചിച്ചിരുന്നു. ഇക്കാര്യത്തിൽ തീരുമാനത്തിനായി മന്ത്രിസഭ മുമ്പാകെ പ്രസ്തുത കാര്യം വിഷയീഭവിച്ചപ്പോൾ തീരുമാനമെടുക്കാതെ നിർദ്ദേശം പിൻവലിക്കുകയുണ്ടായി.

(ഇ) സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിറുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതു ആവശ്യത്തിനായി മേൽപ്പറഞ്ഞ രീതിയിൽ നെൽവയലുകൾ നികത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ ഉദ്ദേശിച്ച വേളയിൽ പോലും അത്തരത്തിൽ അപേക്ഷ സമർപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ ആ പ്രദേശത്ത് നെൽവയൽ അല്ലാതെ മറ്റേതെങ്കിലും സ്ഥലം പ്രസ്തുത ആവശ്യത്തിനായി ലഭ്യമാണോയെന്നും നെൽവയൽ നികത്തുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയശേഷം മാത്രമേ പ്രസ്തുത കാര്യത്തിൽ തീരുമാനമെടുക്കൂ എന്ന കാര്യം നിഷ്കർഷിക്കുവാൻ ഉദ്ദേശിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly